**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഉദുമ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. കൃഷ്ണ സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2457/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 18.07.2017

================================================================

പരാമർശം: 1. സ.ഉ..(സാധാ) നം.1745/14/തസ്വഭവ തീയതി 08.07.2014

2. ഉദുമ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. കൃഷ്ണ തീയതിയില്ലാതെ സമർപ്പിച്ച അപ്പീൽ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 30.03.2015-ലെ ഡി9-17138/13 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

ഉദുമ ഗ്രാമപഞ്ചായത്തിൽ വിജിലൻസ് വകുപ്പ് നടത്തിയ ആകസ്മിക പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ തദവസരത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ. കൃഷ്ണയ്ക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് മൂന്ന് മാസത്തേയ്ക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

ടി ഉത്തരവിനെതിരെ ഉദുമ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കൃഷ്ണ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചു. പഞ്ചായത്തിന്റെ ദൈനംദിന ഭരണ സംവിധാനത്തിൽ അവശ്യംവേണ്ട സുപ്രധാന രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ ഗുരുതരമായ ചുമതലാരാഹിത്യവും കീഴുദ്യോഗസ്ഥർക്ക് നിർണ്ണയിച്ച് നൽകിയിട്ടുള്ള കടമകളും ഉത്തരവാദിത്വവും അവർ നിർവ്വഹിക്കുന്നു എന്നുറപ്പ് വരുത്തുന്നതിൽ വീഴ്ചയും ടിയാന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളതായി വ്യക്തമായിട്ടുള്ളതിനാൽ ടിയാൻ സമർപ്പിച്ച പരാമർശം (2) ലെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. കെ. കൃഷ്ണ, മുൻ സെക്രട്ടറി, ഉദുമ ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

**(മറുപുറം......)**